ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗ്രണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം

61 (1801) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം ഒത്തുതീർപ്പാക്കിക്കൊണ്ട് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി പാക്കേജ്

62 (1802) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ ദുരിതബാധതർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

- എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന സമഗ്രപുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly